(ബി) തൻമൂലമുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത വഹിക്കുവാൻ വികസന അതോറിറ്റിക്ക് കഴിവില്ലാത്തതുകൊണ്ടും ഗവൺമെൻറിന് അത് ഏറ്റെടുക്കുവാൻ ബുദ്ധിമുട്ടുള്ളതുകൊണ്ടും ആണ് തീരുമാനമെടുക്കുവാൻ കാലതാമസം ഉണ്ടാകുന്നത്.

കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ എഞ്ചിനീയറുടെ നിയമനം

1315. [1785] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ എഞ്ചിനീയറെ നിയമിക്കാത്തതുകൊണ്ട് മരാമത്ത് പണികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ എഞ്ചിനീയറെ അടിയന്തിരമായി നിയമിക്കുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിൻറെ പരിഗണനയിലാണ്.

പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

1316. [1786] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-1986-ൽ പ്രസിദ്ധപ്പെടുത്തിയ പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 31-10-1980-ലെ ജി. ഒ. എം. എസ്. നമ്പർ 267/80/എൽ. എ. ആൻറ് എസ്. ഡബ്ല്യു. ഡി എന്ന ഉത്തരവ് പ്രകാരം 20-6-1978 വെച്ച് 2:5 അനുപാതം പരിഗണിച്ചില്ലെന്ന് പറഞ്ഞ് പഞ്ചായത്ത് ഇൻസ്പെക്ടർമാരിൽ നിന്ന് പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പരാതികൾ കണക്കിലെടുത്ത് 1-4-1984-ലെ സീനിയോറിറ്റി ലിസ്റ്റ് പുന:പരിശോധന നടത്തി പരാതികൾ പരിഹരിച്ച് 1-4-1985 മുതലുള്ള മുൻകാല പ്രാബല്യത്തോട് കൂടി പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുവാൻ ഗവൺമെൻറ് നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) പരാതി കിട്ടിയതായി കാണുന്നില്ല. 2:5 എന്ന അനുപാതം കണക്കിലെടുത്തു കൊണ്ടാണ് പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ നടത്തിയിട്ടുള്ളത് 1-4-1984-ലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly